കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങൾ

93 [4972] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ഏതൊക്കെ തസ്തികകളിൽ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്രപേർ വീതം കരാർ വ്യവസ്ഥയിലും ദിവസക്കൂലി വ്യവസ്ഥയിലും ഏതൊക്കെ ശാഖകളിൽ ജോലി ചെയ്യുന്നു എന്ന് തരം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര പേരെ ഓരോ തസ്തികയിലും നിയമിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ലാർക്ക്/കാഷ്യർ, അഗ്രികൾച്ചറൽ ഓഫീസർ, ടൈപ്പിസ്റ്റ്/സ്റ്റെനോ-ടൈപ്പിസ്റ്റ് എന്നീ തസ്തികകൾക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) അഞ്ചാലുംമൂട്, ചാത്തന്നൂർ, കുണ്ടറ, കുന്നിക്കോട്, കോട്ടുക്കൽ, വെളിയം, ചടയമംഗലം, അഞ്ചൽ, കണ്ണനല്ലൂർ, നെടിയവിള, പത്തനാപുരം, ശാസ്താംകോട്ട, ചക്കുവള്ളി, തേവലക്കര, ചവറ, വള്ളിക്കാവ് എന്നീ ശാഖകളിൽ ദിവസക്കൂലിയിനത്തിൽ 16 പാർട്ട്ടൈം സ്വീപ്പർമാർ ജോലി നോക്കുന്നു.

(സി) ക്ലാർക്ക്/കാഷ്യർ .. 97
ടൈപ്പിസ്റ്റ് .. 3
സ്റ്റെനോ-ടൈപ്പിസ്റ്റ് .. 3

(ഡി) നിലവിലുള്ള ലിസ്റ്റിൽ നിന്നും പുതിയതായി നിയമനത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

നീതി സ്റ്റോറുകളുടെ പ്രവർത്തനം

94 [4973] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര നീതി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഭൂരിപക്ഷ സഹകരണ സംഘങ്ങളും നീതി സ്റ്റോർ നിർത്തലാക്കിയതിന്റെ കാരണം എന്താണ്;

(സി) ഇവ തുടർന്ന് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ കൺസ്യൂമർ ഫെഡറേഷൻ മുഖാന്തിരം വിതരണം നടത്തുന്ന നീതി ഗ്യാസിന്റെ വിതരണം തിരുവനന്തപുരം ജില്ലയിൽ കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ഗവൺമെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാര്യക്ഷമമായി ഗ്യാസ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 93 എണ്ണം.

(ബി) നീതി സ്റ്റോറുകളുടെ പ്രവർത്തനം നഷ്ടത്തിലായതിനാൽ.

(സി) സ്വീകരിക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ആനാട് ഹാർമേഴ്സ് ബാങ്കിലെ നിയമനങ്ങൾ

95 [4974] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനാട് ഹാർമേഴ്സ് ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒ.പി.680/2002/ഇ. എന്ന കേസിൽ 2002 ഡിസംബർ 29-ന് മുമ്പ് തെരഞ്ഞെടുപ്പ് നടത്തണമെന്നും അതുവരെ യാതൊരുവിധ നിയമനവും നടത്താൻ പാടില്ലായെന്നുമുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിക്ക് കടകവിരുദ്ധമായി പ്രസ്തുത ബാങ്കിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 3 പേരെ സ്ഥിരമായും 4 പേരെ കൺസോളിഡേറ്റഡ് പേമെന്റിലും നിയമിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നിയമിച്ചവരെ പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കോടതി വിധി ലംഘിച്ചുകൊണ്ടുള്ള നിയമനം നടത്തിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) 680/02-ാം നമ്പർ ഒ.പി.-യിൻമേലുള്ള 2-8-2002-ലെ വിധിയിൽ 2002 ഡിസംബർ 29-ാം തീയതിക്കകം തെരഞ്ഞെടുപ്പ് നടത്തണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. എന്നാൽ 11-12-2002-ലെ സി.എം.പി. 54685/02 ഉത്തരവ് പ്രകാരം 30-6-2003 വരെയും പിന്നീട് 19-7-2003-ലെ ജി.ഒ.(പി) നമ്പർ 152/2003/സഹ. ഉത്തരവ് പ്രകാരം 28-12-2003 വരെയും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) മുൻ ഭരണസമിതി കൺസോളിഡേറ്റഡ് വേതനത്തിൽ നിയമിച്ചിരുന്ന 7 ഡിപ്പോ മാനേജർമാർ ഫയൽ ചെയ്തിരുന്ന 5978/99 നമ്പർ ഒ.പി.-യിൽ ഇക്കാര്യത്തിൽ മാനുഷിക പരിഗണന നൽകണമെന്നുള്ള 28-3-2003-ലെ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ അന്നു നിലവിലുണ്ടായിരുന്ന 3 ഡിപ്പോ മാനേജർമാരെ 2-5-2003 മുതൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിൽ മറ്റ് നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly